**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5505** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുകയും കേന്ദ്രവിഹിതവും സമയബന്ധിതമായി ചെലവഴിക്കുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (എ) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന- - കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭ്യമാകുന്ന ഫണ്ട് അതാത് വർഷം തന്നെ ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഓരോ മാസവും പദ്ധതികളുടെ പുരോഗതി വിവിധ തലങ്ങളിൽ വിലയിരുത്തി സമയബന്ധിതമായി ചെലവഴിക്കുന്നതിലൂടെ അതാത് വർഷം 90 ശതമാനത്തോളം ഫണ്ട് ചെലവഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണങ്ങൾക്ക് കണ്ടെത്തുന്ന ഭൂമി കൈമാറുന്നതിനുള്ള കാലതാമസം , ഭൂമി സംബന്ധിച്ച വ്യവഹാരങ്ങൾ എന്നിവ കാരണം പോസ്റ്റ് മെട്രിക് / പ്രീമെട്രിക് ഹോസ്റ്റലുകൾ, എം.ആർഎസ്സുകൾ എന്നിവ ആരംഭിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് യഥാസമയം ചെലവഴിക്കുന്നതിനും കാലതാമസം ഉണ്ടാകുന്നതിനു കാരണമായിട്ടുണ്ട്. തടസ്സങ്ങൾ നീക്കി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ജില്ലാ കളക്ടർമാർക്കും വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ